**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3734** **26-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ സ്ഥിരം ജീവനക്കാരുടെയും താത്ക്കാലിക ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തൊട്ടാകെ പ്രവർത്തന സജ്ജമായിട്ടുള്ള 3044 ക്ഷീരോൽപ്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഓരോന്നിലും സെക്രട്ടറി തസ്തിക നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സംഘത്തിന്റെ വലിപ്പം, അംഗങ്ങളായുള്ള ക്ഷീര കർഷകരുടെ എണ്ണം, പാലളവ് എന്നിവയുടെ അടിസ്ഥാനത്തിൽ ശരാശരി മൂന്ന് മുതൽ അഞ്ച് വരെ സ്ഥിര ജീവനക്കാരും താൽക്കാലിക ജീവനക്കാരുമുണ്ടാകും. സംസ്ഥാനത്ത് ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ 5926 സ്ഥിരം ജീവനക്കാരും, ഏകദേശം 750-ഓളം താൽക്കാലിക ജീവനക്കാരും ജോലി ചെയ്തുവരുന്നു. |
| (ബി) | ക്ഷീരവികസന യൂണിറ്റ് അടിസ്ഥാനത്തിലുള്ള ക്ഷീരസംഘം ജീവനക്കാരുടെ എണ്ണവും ജീവനക്കാർക്ക് സെക്ഷൻ 80 പ്രകാരമുള്ള ഒന്നു മുതൽ മൂന്നു വരെയുള്ള ശമ്പള പരിഷ്കരണവും ഏതൊക്കെ ക്ഷീര വികസന യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | സെക്ഷൻ 80 പ്രകാരമുള്ള ശമ്പള പരിഷ്കരണം ക്ഷീരവികസന യൂണിറ്റുകളിലൂടെ നടപ്പിലാക്കുന്നുണ്ട്. 2045 ക്ഷീരസഹകരണ സംഘങ്ങളിൽ സെക്ഷൻ 80 പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. സെക്ഷൻ 80 നടപ്പാക്കാത്ത സംഘങ്ങളിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ